**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1718 10.03.2020-ൽ മറുപടിക്ക്

**<u>വെടിയുണ്ടകൾ കാണാതായത് സംബന്ധിച്ച്</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) എസ്.എ.പി. ക്യാമ്പിൽ പോലീസിന്റെ വെടിയുണ്ട കാണാതായ കേസ്സിൽ ഇതുവരെ എത്ര അറസ്റ്റ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) ബറ്റാലിയനുകളിൽ നിന്ന് എത്ര വെടിയുണ്ടകൾ നഷ്ടമായെന്നാണ് സി.എ.ജി. റിപ്പോർട്ടിൽ പറയുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 2018-മാർച്ചിൽ അവസാനിച്ച വർഷത്തേത് സംബന്ധിച്ച സി.എ.ജി റിപ്പോർട്ടിൽ പ്രവർത്തനക്ഷമമായ കാർട്രിഡ്ജിലെ കുറവ് 12061 എന്നാണ് നിരീക്ഷിച്ചിട്ടുള്ളത്. |
| (സി) പോലീസ് വെടിയുണ്ടകളുടെ കണക്കെടുത്തിട്ടുണ്ടോ എന്നും പ്രസ്തുത കണക്കെടുപ്പിൽ കാണുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; | തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും "2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തേ കുറവു വന്ന വിവരം മൂടി വയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. 01.01.1996 മുതൽ 01.03.2020 വരെ തിരുവനന്തപുരം എസ്.എ.പിയ്ക്ക് ലഭിച്ചിട്ടുള്ള INSAS തോക്കുകളിൽ ഉപയോഗിക്കുന്ന 5.56 mm, AK 47, തോക്കുകളിൽ ഉപയോഗിക്കുന്ന 7.62 mm A7, SLR തോക്കുകളിൽ ഉപയോഗിക്കുന്ന 7.62 mm M80 എന്നീ വെടിയുണ്ടകളുടെ കണക്ക് എസ്.എ.പി |

| | | | |
|---|---|---|---|
| | | | കമാണ്ടന്റ് ഹാജരാക്കിയ പട്ടിക പ്രകാരം 02.03.2020 ൽ ക്രൈംബ്രാഞ്ച് Physical Verification നടത്തിയിട്ടുണ്ട്. രജിസ്റ്ററുകളുമായി ഒത്തുനോക്കി ഇതിന്റെ കൃത്യത പരിശോധിക്കേണ്ടതുണ്ട്. നഷ്ടം വിലയിരുത്തിയിട്ടില്ല. |
| (ഡി) | വെടിയുണ്ടകൾ കാണാതായത് സംബന്ധിച്ച് ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ പറയുന്നതെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത് സംബന്ധിച്ച ക്രൈം നം.399/CB/Tvpm/R/19 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘമാണ് അന്വേഷണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ